LIBRARY ARCHIVES Kerala Legislative Assembly

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2014 ഡിസംബർ 23<br>23rd December 2014<br>1190 ധനു 8<br>8th Dhanu 1190<br>1936 പൌഷം 2<br>2nd Pousha 1936 | നമ്പർ<br>No. 3146 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5139/ലെഗ്.സി1/2013/നിയമം.

*തിരുവനന്തപുരം, 2014 ഡിസംബർ 23*
*1190 ധനു 8/1936 പൌഷം 2.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2014 ഡിസംബർ 23-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. ഗിരിജാദേവി,
*നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി &*
*സ്പെഷ്യൽ സെക്രട്ടറി (ഇൻചാർജ്ജ്).*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.
33/5170/2014/S-2.

# 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഅഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 3-ാം വകുപ്പ് 2010 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 2-ഉം 4-ഉം 7-ഉം 8-ഉം വകുപ്പുകൾ 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2013 ഒക്ടോബർ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. ഒന്നാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 1-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) "വ്യവസായ പ്രദേശങ്ങളുടെയും" എന്ന വാക്കുകൾക്കുപകരം "ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനപ്രകാരം വ്യാവസായിക പട്ടണമായി വിനിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെയും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 1999-ലെ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളിൽ ഈ ആക്റ്റിലെ XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വ്യാപ്തിയുണ്ടായിരിക്കുന്നതാണ്".

LIBRARY ARCHIVES Kerala Legislative Assembly

3. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിലും ക്ലിപ്തനിബന്ധനയിലും "ഗ്രാമപഞ്ചായത്തിന്റെ" എന്ന വാക്ക് വരുന്നിടത്തെല്ലാം "ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിൽ "ഗ്രാമപഞ്ചായത്തിൽ" എന്ന വാക്കിനുശേഷം "അഥവാ ബ്ലോക്ക് പഞ്ചായത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) ഡീലിമിറ്റേഷൻ കമ്മീഷൻ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന് നിയമപ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.".

5. 21-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21എ. പ്രവാസി ഭാരതീയർക്ക് വോട്ടർപ്പട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ അദ്ധ്യായത്തിലെ മറ്റ് വ്യവസ്ഥകളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരതപൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർപ്പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

6. 30-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ നിലവിലുള്ള വിശദീകരണം, "വിശദീകരണം 1" ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം 1-നുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 2.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അങ്കണവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ആശാവർക്കർമാരും സാക്ഷരതാ പ്രേരക്മാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്.".

7. 149-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 149-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സന്ദർഭം ആവശ്യപ്പെടുന്നപക്ഷം വിവിധ തലങ്ങളിലെ പഞ്ചായത്തുകളിലേക്ക് ഒരേസമയം പൊതു തെരഞ്ഞെടുപ്പ് നടത്തുന്നത് സാദ്ധ്യമാകുന്നതിന്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച്, ഒഴിവുകളുണ്ടാകുന്നതിനുമുൻപുള്ള ആറുമാസത്തിനുള്ളിൽ പൊതു തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

8. 154-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 154-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പഞ്ചായത്തിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ തന്റെ ഉദ്യോഗത്തിന്റെ ചാർജോ അല്ലെങ്കിൽ പഞ്ചായത്തിൽ നിക്ഷിപ്തമായതോ അതിന്റെ വകയായതോ ആയതും തന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതും അല്ലെങ്കിൽ വന്നു ചേർന്നിട്ടുള്ളതുമായ ഏതെങ്കിലും രേഖകളോ പണമോ മറ്റ് വസ്തുക്കളോ പ്രസിഡന്റ് എന്ന നിലയിലോ വൈസ് പ്രസിഡന്റ് എന്ന നിലയിലോ ഉള്ള തന്റെ ഔദ്യോഗിക കാലാവധി അവസാനിച്ചാൽ ഉടനെയും, കൂടാതെ വൈസ് പ്രസിഡന്റിന്റെ സംഗതിയിൽ, പ്രസിഡന്റ് ആവശ്യപ്പെട്ടാൽ ഉടനെയും, ഉദ്യോഗത്തിൽവരുന്ന തന്റെ പിൻഗാമിക്കോ നിർണ്ണയിക്കപ്പെട്ട മറ്റ് അധികാരസ്ഥാനത്തിനോ ഏൽപ്പിച്ച് കൊടുക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ, അങ്ങനെയുള്ള പ്രസിഡന്റിനോ വൈസ് പ്രസിഡന്റിനോ, കുറ്റസ്ഥാപനത്തിന്മേൽ ആ കുറ്റത്തിന് പതിനായിരം രൂപയിൽ കവിയാത്ത പിഴശിക്ഷ നൽകേണ്ടതാണ്.".

9. 219യു. വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 219യു വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"219 വി. മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യൽ.—(1) ഈ ആക്റ്റിലെ 219എ മുതൽ 219യു വരെ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 100 സ്ക്വയർ മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നിയമപരമായി അവയുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ,—

(എ) അത്തരം കെട്ടിടങ്ങളിൽ, സ്ഥാപനങ്ങളിൽ അല്ലെങ്കിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഗ്രാമപഞ്ചായത്തിന്റെ ബൈലാകളിൽ അനുശാസിക്കുന്നപ്രകാരവും മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും;

(ബി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച് ജൈവ മാലിന്യങ്ങൾ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്തവിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തുവച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ളപക്ഷം അത്തരം മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്ത് മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ

LIBRARY ARCHIVES Kerala Legislative Assembly

മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവ അനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അങ്ങനെയുള്ള രീതിയിൽ ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും;

(സി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അത്തരം മാലിന്യങ്ങൾക്ക് കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം സാധനങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലുമുള്ള ഫീസ് അത്തരം കാലയളവിൽ ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും;

(ഡി) അത്തരം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്തുതന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും അപ്രകാരം ശാസ്ത്രീയമായി സംസ്കരിക്കുവാൻ കഴിയാത്തപക്ഷം മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്ന സർക്കാർ അംഗീകൃത ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതും മലിനജലം ജലാശയങ്ങളിലേക്കോ ഓടകളിലേക്കോ പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ഒഴുകുവാൻ അനുവദിക്കുവാൻ പാടില്ലാത്തതും,

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ അവയുടെ നിർമ്മാണവേളയിൽതന്നെ ഉണ്ടാക്കിയിരിക്കേണ്ടതും അപ്രകാരമുള്ള സംവിധാനങ്ങൾ ഇല്ലാത്തവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ കെട്ടിടനമ്പരോ ഗ്രാമപഞ്ചായത്ത് നൽകുവാൻ പാടില്ലാത്തതും നിലവിലുള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ സംഗതിയിൽ അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനോ ഒരു വർഷത്തിൽ കൂടാതെയുള്ള കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും മതിയായ സംവിധാനം ഉണ്ടാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസും കെട്ടിടനമ്പരും പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം റദ്ദാക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ, പതിനായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ശിക്ഷിക്കപ്പെട്ട ഏതൊരാളും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപയിൽ കുറയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

219ഡബ്ല്യു. സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും.—(1) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞവില വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ ഏതൊരു സ്ഥാപനമോ വ്യക്തിയോ വിൽക്കുകയോ നൽകുകയോ ചെയ്യുവാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്;

(ബി) 232-ാം വകുപ്പുപ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ പ്ലാസ്റ്റിക് കവറുകളോ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമേ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് അങ്ങനെയുള്ള ഒരു നിശ്ചിത തുക അധിക ഫീസായി ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതുമാണ്;

(സി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും ഓരോ ഉപഭോക്താവും മറ്റ് മാലിന്യങ്ങളിൽനിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ പഞ്ചായത്ത് ഉണ്ടാക്കിയേക്കാവുന്ന ബൈലാകളിൽ അനുശാസിക്കുന്നവിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും എതിരെ പ്രസ്തുത കേന്ദ്ര ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി പരാതി സമർപ്പിക്കേണ്ടതാണ്.

219എക്സ്. മാലിന്യ നിർമ്മാർജ്ജന ഫണ്ടിന്റെ രൂപീകരണം.—ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി, ഗ്രാമപഞ്ചായത്ത് 'മാലിന്യ നിർമ്മാർജ്ജന ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ,—

(എ) 219ഡബ്ല്യു വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധിക ഫീസ്;

(ബി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ;

എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.".

LIBRARY ARCHIVES Kerala Legislative Assembly

10. 235എ ബി വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 235എ ബി വകുപ്പ് (1)-ാം ഉപവകുപ്പിൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2013 മാർച്ച് 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

11. സാധൂകരണം.—(1) 2011-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 33), 2011-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2011-ലെ 34) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസുകൾ എന്നാണ് പരാമർശിക്കപ്പെടുക) എന്നിവയ്ക്ക് പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ കാര്യങ്ങളും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ നടപടികളും സാധുവായി കരുതപ്പെടേണ്ടതും ഈ ആക്റ്റിന്റെ 6-ാം വകുപ്പ് ഒഴികെയുള്ള മറ്റ് വകുപ്പുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) 2011-ലെ 34-ാം നമ്പർ ഓർഡിനൻസിന്റെ 5-ാം വകുപ്പ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 30-ാം വകുപ്പിന്റെ വിശദീകരണം 2 പ്രകാരം അങ്കണവാടി ജീവനക്കാരുടെയും ബാലവാടി ജീവനക്കാരുടെയും കാര്യത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഒഴികെ, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിച്ചതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതും,

ആണ്.

(2) 2011-ലെ 34-ാം നമ്പർ ഓർഡിനൻസ് പ്രകാരം പ്രധാന ആക്റ്റിലെ 30-ാം വകുപ്പ് ഭേദഗതി ചെയ്യപ്പെട്ട രീതിയിൽ നിലവിലുണ്ടായിരുന്നു എന്നിരിക്കിലും, അപ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരുന്ന പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ അങ്കണവാടി ജീവനക്കാരെയും ബാലവാടി ജീവനക്കാരെയും സംബന്ധിച്ചിടത്തോളം അവർ മേൽ പ്രസ്താവിച്ച ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ജോലി രാജിവച്ചിരുന്നാൽത്തന്നെയും യഥാക്രമം അവർ ജോലിചെയ്തിരുന്ന തസ്തികകളിൽ തുടരുന്നതിന് തടസ്സമായിത്തീരുന്നതല്ലാത്തതും പ്രസ്തുത ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിലെ അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമായിരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) പ്രസ്തുത ഓർഡിനൻസുകളുടെ കാലാവധി അവസാനിച്ചത്,—

(എ) അവയിലെ വ്യവസ്ഥകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ആർജ്ജിച്ച ഏതെങ്കിലും അവകാശത്തെയോ ബാധ്യതയെയോ അധികാരത്തെയോ ബാധിക്കുന്നതല്ലാത്തതും;

(ബി) മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ ബാധ്യതയെയോ അധികാരത്തെയോ അധികാര വിനിയോഗത്തെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാരനടപടികളെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാരനടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം അങ്ങനെ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ആരംഭിക്കാവുന്നതോ തുടരാവുന്നതോ അല്ലെങ്കിൽ നടപ്പാക്കാവുന്നതോ ആകുന്നതും ആണ് :

എന്നാൽ, 2011 ജൂലൈ 13-ാം തീയതി മുതൽ 2013 ഒക്ടോബർ 28-ാം തീയതി വരെയുള്ള കാലയളവിൽ 2011-ലെ 34-ാം നമ്പർ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 154-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2014-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 5139/Leg. C1/2013/Law. *Dated, Thiruvananthapuram, 23rd December, 2014*

*8th Dhanu 1190/*
*2nd Pousha, 1936.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Panchayat Raj (Amendment) Act, 2014 (34 of 2014).

By order of the Governor,

S. Girija Devi,
*Additional Law Secretary and*
*Special Secretary in charge.*

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of "2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്" published under the authority of Governor.]

**ACT No. 34 OF 2014**

THE KERALA PANCHAYAT RAJ (AMENDMENT) ACT, 2014

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 for the purposes hereinafter appearing;

BE, it enacted in the Sixty-fifth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Amendment) Act, 2014.

(2) Section 3 of this Act shall be deemed to have come into force on the 17th day of May, 2010, sections 2, 4, 7 and 8 shall be deemed to have come into force on the 14th day of June, 2010 and the remaining sections shall be deemed to have come into force on the 28th day of October, 2013.

2. *Amendment of section 1.*—In sub-section (2) of section 1 of the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act),—

(a) for the words "Industrial areas", the words, figures and letters "areas specified as industrial township under the proviso to clause (1) of Article 243Q of the Constitution and areas declared as industrial areas under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000)" shall be substituted;

(b) after the existing proviso, the following proviso shall be inserted, namely:—

"Provided further that the provisions of Chapter XIX of this Act shall extend to the areas declared as industrial areas under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999."

3. *Amendment of section 4.*—In section 4 of the principal Act,—

(1) in sub-section (2) and in the proviso, for the words "Village Panchayat" wherever they occur, the words "Village Panchayat or Block Panchayat" shall be substituted;

LIBRARY ARCHIVES Kerala Legislative Assembly

(2) in sub-section (3), after the words, "in a Village Panchayat", the words "or Block Panchayat" shall be inserted.

4. *Amendment of section 10.*—In section 10 of the principal Act, after sub-section (3), the following sub-section shall be inserted, namely:—

"(3A) Every order issued by the Delimitation Commission with regard to the delimitation of constituencies under this section shall be published in the Gazette and shall have the force of law.".

5. *Insertion of new section after section 21.*—In the principal Act, after section 21, the following section shall be inserted, namely:—

"21A. *Special provision for the non-resident Indians to get themselves registered in the electoral roll.*—Notwithstanding anything to the contrary contained in other provisions of this Chapter, any citizen of India as mentioned in section 20A of the Representation of the People Act, 1950 (Central Act 43 of 1950) shall be entitled to get himself registered as an elector in the electoral roll of the constituency in which his place of residence in India as indicated in his passport is situated.".

6. *Amendment of section 30.*—In sub-section (1) of section 30 of the principal Act, the existing Explanation shall be numbered as "Explanation 1" and after Explanation 1 so numbered, the following Explanation shall be inserted, namely:—

"*Explanation 2.*—For the purpose of this section, the part-time employees and persons receiving honorarium except the Anganawadi employees, Balawadi employees, Asha Workers and Saksharatha Preraks shall be deemed to be employees."

7. *Amendment of section 149.*—In the principal Act, in sub-section (2) of section 149, the following proviso shall be inserted, namely:—

"Provided that if the context so requires, general election may be conducted, within six months before the occurrence of vacancies as required by the State Election Commission, so as to facilitate conduct of general elections to different levels of Panchayats simultaneously.".

8. *Amendment of section* 154.—In section 154 of the principal Act, after sub-section (2), the following sub-section shall be inserted, namely:—

"(3) Where the President or Vice-President of a Panchayat refuses to hand over charge of his office or any documents or money or other properties vested in, or belonging to the Panchayat which are in his possession or control or which had come into his possession or control, to his successor in office or

LIBRARY ARCHIVES Kerala Legislative Assembly

other prescribed authority as soon as his term of office as President or Vice-President expires and in the case of the Vice-President, immediately on demand by the President, such President or Vice-President shall, on conviction, be punished for such offence with a fine which shall not exceed ten thousand rupees.".

9. *Insertion of new sections after section 219U.*—In the principal Act, after section 219U, the following sections shall be inserted, namely:—

"219V. *Management of waste at source.*—(1) Notwithstanding anything contained in sections 219A to 219U of this Act, the owner or the person having the lawful management or control of trade centres, hospitals, markets, slaughterhouses, chicken stalls, fish stalls, marriage halls, flats, multi storied buildings, hotels, catering service establishments, houses having a plinth area of more than 100 square metres and such other establishments as may be notified by the Village Panchayat, shall,—

(a) keep the waste originated in such buildings, establishments or places, segregated as bio-degradable and non bio-degradable waste at the source itself, in such manner as may be prescribed and as provided for in the bye-laws of the Village Panchayat and set up sufficient facilities in this behalf;

(b) process and dispose of in appropriate manner the bio-degradable waste segregated as per clause (a) at the source itself or with the written permission of the Secretary, at the neighbouring place in the ownership of such person, subject to the provisions of the Environment (Protection) Act, 1986 (Central Act 29 of 1986) and the rules made thereunder and without causing pollution to water, air and sound and if there is space restriction for this purpose, in order to ensure the processing of such waste through the Village Panchayat or through waste processing agencies recognised by the Government, pay such fees to the Village Panchayat, in such manner, as may be prescribed, in accordance with the quantity and type of waste;

(c) in order to deal with the non bio-degradable waste segregated under clause (a), enter into agreement with the person, or with the establishment which produces or distributes the goods which causes such wastes, to take back the wastes relating to such goods and on the other hand to remit the fees to the Village Panchayat during such period, in such manner and at such rates, as may be prescribed; and

(d) process the sewage originated in such buildings or establishments or places scientifically at its source and where it cannot be processed scientifically, enter into an agreement with an agency recognised by the Government, which processes sewage scientifically, and shall not allow the sewage to flow into water bodies, drains or public way or public places.

LIBRARY ARCHIVES Kerala Legislative Assembly

(2) The buildings, establishments and places specified in sub-section (1) shall have the systems for processing the waste as stated in the said sub-section at the time of their construction itself and the Village Panchayat shall not grant working permit, license or building number in respect of those which do not have such systems and in the case of such existing buildings, establishments and places, the Secretary may allow a period not exceeding one year for making such systems or for rectifying the deficiencies in such systems and cancel the license, building number or working permit of those institutions which do not make sufficient system, after giving the party concerned an opportunity of being heard.

(3) Whoever violates any of the provisions of sub-section (1) shall, on conviction, be punished with imprisonment for a term which shall not be less than six months but which may extend to one year and with fine which shall not be less than ten thousand rupees but which may extend to fifty thousand rupees or with both.

(4) Any person convicted under sub-section (3) shall be punished with a fine of not less than one thousand rupees for each day of continuing violation of the provisions of sub-section (1).

219W. *Restriction on plastic carry bags and covers and management of plastic wastes.*— (1) Subject to the provisions of the Environment (Protection) Act, 1986 (Central Act 29 of 1986) and the rules made thereunder,—

(a) the Village Panchayat shall, by notification, fix the minimum price of various kinds of plastic carry bags and plastic covers and no institution or person shall sell such bags or covers at a price lower than the price so fixed or give them free of cost and the Village Panchayat shall take steps to ensure that no institution or person does so;

(b) where an applicant who applies for license under section 232 intends to sell plastic bags or plastic covers through his establishment, such information shall be recorded in the application and the Village Panchayat may, in addition to the usual license fee, realise a fixed amount as additional fee in this behalf for the period as may be prescribed, in accordance with the approximate number or quantity of plastic bags and plastic covers intended to be sold;

(c) every consumer shall keep the waste plastic bags and plastic covers segregated from other wastes and shall be managed as provided for in the bye-laws that may be made by the Village Panchayat.

LIBRARY ARCHIVES Kerala Legislative Assembly

(2) The Secretary shall, lodge complaint against any person who violates the provisions of clause (a) of sub-section (1), in accordance with the provisions of the said Central Act and the rules made thereunder.

219X. *Constitution of Waste Disposal Fund.*—The Village Panchayat shall constitute a special fund, by name, 'The Waste Disposal Fund' for the purposes of disposal of waste, especially for the processing of plastic waste, originated within the Village Panchayat area, and,—

(a) the additional fee realised as per clause (b) of sub-section (1) of section 219W;

(b) the fine amount recovered in the cases relating to waste disposal; and

(c) the amounts that may be granted by the Government or given by other agencies or persons in this behalf;

shall be credited to the Fund and the same shall be managed in the manner as may be prescribed.".

10. *Amendment of section* 235 *AB.*—In sub-section (l) of section 235AB of the principal Act, for the word and figures "15th October, 1999", the word and figures "31st March, 2013" shall be substituted.

11. *Validation.*—(1) Notwithstanding the cesser of operation of the Kerala Panchayat Raj (Amendment) Ordinance, 2011 (33 of 2011) and the Kerala Panchayat Raj (Second Amendment) Ordinance, 2011 (34 of 2011) (hereinafter referred to as the said Ordinances),—

(a) anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinances shall be deemed to be valid and shall be deemed to have been done or taken as per the provisions of the principal Act as amended by the other sections, other than section 6 of this Act;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Act in the Gazette, except anything done or deemed to have been done or any action taken or deemed to have been taken in the case of Anganawadi employees and Balawadi employees as per Explanation 2 of section 30 of the principal Act as amended by section 5 of Ordinance Number 34 of 2011, shall be deemed to have been done or taken under the principal Act as amended by the said Ordinance as if they would have been done or taken under the principal Act as amended by the said Ordinance.

LIBRARY ARCHIVES Kerala Legislative Assembly

(2) Notwithstanding the operation of section 30 of the principal Act as amended by Ordinance Number 34 of 2011, the provisions of the said section as so amended shall not be a bar, in so far as it relates to Anganawadi employees and Balawadi employees, to continue in the posts in which they worked, even if they had resigned the job during the period of operation of the said Ordinance for the purpose of contesting election, and the orders issued by the Government in respect of the conditions of their service and wages during the period of operation of the said Ordinance, shall be applicable.

(3) The cesser of operation of the said Ordinances shall not,—

(a) affect any right, liability or power acquired under the principal Act as amended as per their provisions;

(b) affect any legal proceedings or remedial measures in respect of any right, liability, power or exercise of power as stated above and any such legal proceedings or remedial measures may be initiated, continued or enforced as per the provisions of the principal Act, in so far as it is not inconsistent with the provisions of the principal Act as amended by this Act:

Provided that no person accused of having committed an offence under section 154 of the Principal Act as amended by Ordinance number 34 of 2011 during the period from the 13th day of July, 2011 to the 28th day of October, 2013 shall not be subjected to conviction.

12. *Repeal and Savings.*—(1) The Kerala Panchayat Raj (Amendment) Ordinance, 2014 (15 of 2014) is hereby repealed.

(2) Notwithstanding such repeal anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly